**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 79            12.06.2013-ൽ മറുപടിയ്ക്ക്

## ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. കെ. രാധാകൃഷ്ണൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) തലസ്ഥാനത്ത് ഡെങ്കിപ്പനി വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഡെങ്കിപ്പനി ബാധിച്ച് തലസ്ഥാനത്ത് ഇതുവരെ എത്രപേർ മരിച്ചുവെന്നറിയിക്കാമോ ; ഈ വർഷം ആശുപത്രികളിൽ ചികിത്സക്കെത്തിയവരുടെ കണക്കുകൾ ലഭ്യമാണോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തലസ്ഥാനത്ത് ഈ വർഷം ജൂൺ 4 വരെ സ്ഥിരീകരിച്ച ഡെങ്കിപ്പനി മൂലം 3 പേരും സംശയാസ്പദമായ ഡെങ്കിപ്പനി മൂലം 20 പേരും മരണമടഞ്ഞു. 1256 പേർ ഡെങ്കിപ്പനി ബാധിച്ച് ആശുപത്രികളിൽ ചികിത്സക്കെത്തി. |
| (ബി) സർക്കാർ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; അത് ഫലപ്രദമായതായി കരുതുന്നുണ്ടോ ? | (ബി) കാലവർഷത്തിന് വളരെ മുമ്പ് തന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സമഗ്രമായ രോഗ പ്രതിരോധ നിയന്ത്രണ പരിപാടി ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.മഴക്കാലപൂർവ്വ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണത്തിന് 'ഡ്രൈ ഡേ' ആചരണ കാമ്പയിനുകളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി.<br><br>മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം നടത്തിവരുന്നു. ജില്ലാതലം മുതൽ വാർഡുതലം വരെ അവലോകന യോഗങ്ങൾ നടത്തുകയും രോഗം ബാധിച്ചവർക്ക് ശരിയായ ചികിത്സയും പരിചരണവും ലഭ്യമാക്കുകയും ചെയ്തു വരുന്നു. ആശുപത്രികളിൽ മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കി. മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയുമുൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിച്ചു. ചികിത്സാ പ്രോട്ടോക്കോൾ എല്ലാ ആശുപത്രികൾക്കും നൽകി. രോഗം പൊട്ടിപ്പുറപ്പെട്ട സ്ഥലങ്ങളിൽ സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയ പ്രതിരോധ നടപടികൾ നടത്തിവരുന്നു.<br>ഇതര വകുപ്പുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് രോഗപ്രതിരോധ |

| | |
|---|---|
| | പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ഓരോ വാർഡിനും പകർച്ചവ്യാധി പ്രതിരോധത്തിനായി 25,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ആരോഗ്യ വകുപ്പിന്റെ വിഹിതമായ 10,000/- രൂപ നൽകി കഴിഞ്ഞു. ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പ്/തദ്ദേശ സ്വയം ഭരണ പ്രതിനിധി/പൊതുപ്രവർത്തകരുടെ യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് വഴി കൊതുക് നശീകരണ പ്രവർത്തനങ്ങളും കൊതുക് സാന്ദ്രതാ പഠനവും നിരന്തരമായി നടത്തിവരുന്നു. എലിപ്പനി, ഡെങ്കിപ്പനി എന്നിവയുടെ പ്രതിരോധം, ചികിത്സ എന്നിവയെപ്പറ്റി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. എലിപ്പനി വരാൻ സാദ്ധ്യതയുള്ള തൊഴിലിൽ ഏർപ്പെടുന്നവർക്ക് 'ഡോക്സി സൈക്ലിൻ' ഗുളിക നൽകി പ്രതിരോധം ഉറപ്പാക്കി. Communicable diseases-നായി 24 മണിക്കൂറും പ്രവർത്തിക്കുന്ന Control Cell പ്രവർത്തിക്കുന്നുണ്ട്. Fever Clinic, Fever ward ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനി ചികിത്സയ്ക്കുള്ള guidelines പ്രൈവറ്റ് ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.<br>സർക്കാരിന്റെ കാലേക്കൂട്ടിയുള്ള പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി പകർച്ചവ്യാധികളുടെ വ്യാപനം ഒരു പരിധിവരെ നിയന്ത്രിക്കാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ